# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4852 05.02.2014-ൽ മറുപടിയ്ക്ക്

<u>കോഴിമുട്ട/ഇറച്ചി ഉല്പാദനത്തിലെ സ്വയം പര്യപ്തത</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) കോഴിമുട്ട ഉല്പാദനത്തിൽ സ്വയംപര്യപ്തതയിൽ എത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് എത്തിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) സംസ്ഥാനത്തെ കോഴി മുട്ടയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>മൃഗസംരക്ഷണ വകുപ്പിന്റെ കോഴിഫാമുകളിൽ ഒരു ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് രജിസ്ട്രേഡ് എഗ്ഗർ നഴ്സറികൾ വഴി വിവിധ സർക്കാർ പദ്ധതികൾക്കും കോഴികർഷകർക്കും സർക്കാർ നിരക്കിൽ വിതരണം ചെയ്തുവരുന്നു.<br>2013-14 സാമ്പത്തിക വർഷം വകുപ്പ്,' റൂറൽ ബാക്ക്യാഡ് പൗൾട്രി -സ്കൂളുകൾ വഴി' എന്ന പദ്ധതിയ്ക്കായി 400 ലക്ഷം രൂപ വകയിരുത്തുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ഹൈസ്കൂളുകളിലെയും അപ്പർ പ്രൈമറി സ്കൂളുകളിലെയും 66500 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് 46 മുതൽ 60 ദിവസം പ്രായമായ 5 കോഴി, തീറ്റ, മരുന്ന് സ്റ്റേഷനറി എന്നിവയ്ക്കായി രൂപ600/-സർക്കാർ സഹായമായി നൽകുന്നു<br>ഏകദേശം 4.98 കോടി മുട്ട അധികമായി ഉല്പാദിപ്പിക്കാനാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്ത് മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കാനും വീട്ടുമുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

1.ഗ്രാമം നിറയെ കോഴികൾ 2. കോഴി വളർത്തൽ ഗ്രാമങ്ങൾ 3. കെപ്‌കോ ആശ്രയ. 4. നഗരപ്രിയ .5.കെപ്‌കോ ഗ്രാമം. 6.കുഞ്ഞുകൈകളിൽ കോഴികുഞ്ഞ് 7. റൂറൽ ബാക്ക്യാർഡ് പൗൾട്രി പ്രൊഡക്ഷൻ 8. ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ 7 കോടി രൂപ മുതൽ മുടക്കിൽ കുരിയോട്ടുമലയിലെ മുട്ടക്കോഴി വളർത്തൽ കേന്ദ്രം.

ഇതുകൂടാതെ ഒരു ലക്ഷം കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്ന കൊമേഴ്സ്യൽ മുട്ടക്കോഴി വളർത്തൽ കേന്ദ്രം, കാസർഗോഡ് പുതുതായി ആരംഭിക്കുന്ന ബ്രീഡർ ഫാം എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ബി) ഇറച്ചിക്കോഴി ഉല്പാദനത്തിൽ സ്വയംപര്യപ്തതയിൽ എത്തിയിട്ടുണ്ടോ; പ്രതിദിനം സംസ്ഥാനത്തിനാവശ്യമായ കോഴിഇറച്ചി എത്രയാണെന്ന് വ്യക്തമാക്കാമോ;

ബി) ഇറച്ചി ക്കോഴി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിയിട്ടില്ല. സംസ്ഥാനത്ത് ലഭ്യമായ കണക്കുകൾ പ്രകാരം പ്രതിദിനം 500 മുതൽ 600 ടൺ വരെ കോഴിയിറച്ചി ആവശ്യമുണ്ട്.

സി) എത്രമാത്രമാണ് ഇതിന്റെ ഉല്പാദനം നടക്കുന്നത്; മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്രമാത്രം കോഴിയിറച്ചിയാണ് പ്രതിദിനം കേരളത്തിലേക്ക് എത്തുന്നത് ; വിശദമാക്കാമോ;

സി) ഏകദേശം 150 ടൺ കോഴിയിറച്ചി സംസ്ഥാനത്ത് നേരിട്ട് ഇന്റഗ്രേഷൻ മാതൃകയിലൂടെ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. പ്രതിദിനം സംസ്ഥാനത്തിന് ആവശ്യമുള്ള 500 ടണ്ണിൽ 350 ടൺ മാംസം ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ ഇറച്ചിക്കോഴികൾ തമിഴ്നാട് , കർണ്ണാടക,ആന്ധ്രാപ്രദേശ് മുതലായ അന്യസംസ്ഥാനങ്ങൾ വഴി എത്തുന്നതായി കണക്കാക്കുന്നു.

ഡി) കോഴിയിറച്ചി ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യപ്തതയിലേക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചവരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി) കോഴിയിറച്ചിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കുഞ്ഞുങ്ങളുടെ ഉല്പാദനം- ഒരു ദിവസം പ്രായമായ ഒരു ലക്ഷം കോഴിക്കുഞ്ഞുങ്ങൾ പ്രതിമാസം.

2. തീറ്റ ഉല്പാദനം- നിലവിൽ കൊട്ടിയം, കുടപ്പനക്കുന്ന് ഫീഡ് മില്ലുകളിലൂടെ തീറ്റ ഉല്പാദിപ്പിക്കുന്നു. പ്രതിമാസം 5000 ടൺ തീറ്റ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഫാക്ടറി 6 മാസത്തിനുള്ളിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

3.ഇന്റഗ്രേഷൻ- കോഴിയിറച്ചിയുടെ

കൈവരിക്കുക എന്ന ലക്ഷ്യത്തോടെ , കോഴിവളർത്തലിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി , ഇറച്ചിക്കോഴി കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകി വളർത്തി 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തന്നെ തിരിച്ചെടുത്ത് യന്ത്രവൽക്കരിച്ച പ്ലാന്റുകളിൽ സംസ്കരിച്ച് ഇറച്ചിയാക്കി വിപണനം ചെയ്യുന്നു. കർഷകർക്ക് വളർത്തുകൂലിയായി ഒരു കിലോയ്ക്ക് 6/- രൂപ എന്ന നിരക്കിൽ നൽകുന്നു. ഈ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കുടപ്പനക്കുന്നിലെ ബ്രോയിലർ ബ്രീഡിംഗ് ഫാമിൽ നിന്നും കൂടുതൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

4. കോൺട്രാക്ട് ഫാമിംഗ് - കുടപ്പനക്കുന്നിൽ പുതുതായി ആരംഭിക്കുന്ന മാംസ സംസ്കരണശാല പ്രവർത്തനക്ഷമമാകുന്നതോടെ മണിക്കൂറിൽ 1000 കോഴികളെ സംസ്കരിക്കാൻ കഴിയും .ഇതോടെ കോൺട്രാക്ട് വ്യവസ്ഥയിൽ സംസ്ഥാനത്തുടനീളം ഇറച്ചി കോഴികളെ വളർത്തി മാംസോല്പാദനം വർദ്ധിപ്പിക്കുന്നതാണ്.

5. സാങ്കേതിക സൗകര്യങ്ങൾ - പുതുതായി ഇറച്ചി കോഴി വളർത്തലിന് താല്പര്യമുള്ള കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയവ കെപ്കോ നടത്തിവരുന്നു.

Seela

സെക്ഷൻ ഓഫീസർ